# ഉംറയുടെ രൂപം

Malayalam المليبارية




## ഇഹ്റാമിൽ പാടില്ലാത്തവ

1. തലയിൽ നിന്നോ ശരീരത്തിൽ നിന്നോ മുടി നീക്കം ചെയ്യൽ
2. നഖം വെട്ടൽ
3. സുഗന്ധം ഉപയോഗിക്കൽ
4. സ്വന്തത്തിനോ, മറ്റാർക്കോ വേണ്ടിയോ കല്യാണം അന്വേഷിക്കൽ
5. ലൈംഗിക ബന്ധം
6. കരയിൽ വേട്ടയാടൽ

**പുരുഷൻമാർക്ക് മാത്രം നിഷിദ്ധമാകുന്നവ**

1. കുപ്പായം, സോക്സ് പോലെയുള്ള തുന്നിയ വസ്ത്രം ധരിക്കൽ.
2. തൊപ്പി, തലപ്പാവ് പോലെയുള്ള തലയിൽ ഒട്ടി നിൽക്കുന്ന വിധമുള്ളവ കൊണ്ട് തല മറക്കൽ.

**സ്ത്രീകൾക്ക് മാത്രം നിഷിദ്ധമായവ**

1. ബുർഖ, നിഖാബ് എന്നിവ കൊണ്ട് മുഖം മറക്കൽ. അന്യപുരുഷൻമാരുടെ സാന്നിധ്യത്തിൽ അവൾക്ക് അവളുടെ തട്ടം കൊണ്ടോ മറ്റോ മുഖം മറക്കാവുന്നതാണ്.
2. കയ്യുറകൾ ധരിക്കൽ

## ഉംറയിലെ സുന്നത്തുകൾ

1. ഇഹ്റാമിൽ പ്രവേശിക്കുന്നതിന് മുമ്പ് നഖം വെട്ടൽ, ശരീരത്തിലെ നീക്കം ചെയ്യേണ്ട മുടി എടുക്കൽ
2. ഇഹ്റാമിന് വേണ്ടി കുളിക്കൽ
3. പുരുഷൻമാർ ശരീരത്തിൽ സുഗന്ധം പുരട്ടൽ
4. പുരുഷൻമാർ വെളുത്ത തുണിയും മേൽമുണ്ടും ധരിക്കൽ
5. തൽബിയത് ചൊല്ലൽ. لبيك اللَّهُمَّ لبيك. لبيك لا شريك لك لبيك. إن الحمد والنعمة لك والملك. لا شريك لك
ഇത് ഇഹ്റാമിൽ പ്രവേശിച്ചത് മുതൽ ത്വവാഫ് തുടങ്ങുന്നത് വരെയാണ് ചൊല്ലേണ്ടത്.
6. പുരുഷൻമാർ ത്വവാഫിൽ ഇദ്ത്വിബാഅ് ചെയ്യൽ. വലത് തോൾ വെളിവാക്കലാണത്.
7. ഹജറുൽ അസ്‌വദിനെ ചുംബിക്കൽ
8. ത്വവാഫിലെ ആദ്യത്തെ മൂന്ന് ചുറ്റലുകളിൽ വേഗത്തിൽ നടക്കൽ
9. മക്വാമു ഇബ്റാഹീമിന് പിന്നിൽ വെച്ച് രണ്ട് റക്അത്ത് നമസ്കരിക്കൽ

sarhaan.com
mahadsunnah.com